"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.26/2025/LBR തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:- 1. 02.08.2014-ലെ സ.ഉ(പി) നമ്പർ 93/2014/തൊഴിൽ നമ്പർ ഉത്തരവ്.

2. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ DFB/129/2024 -G1 നമ്പർ കത്ത്.

**ഉത്തരവ്**

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിക്കുകയുണ്ടായി.

(2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ പൗരാവകാശരേഖ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം പുതുക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 07-04-2025 16:05:39
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും സെക്രട്ടറിയുടെ പി.എ.-യ്ക്ക്

1961-ൽ നിലവിൽ വന്ന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവും ആക്കുന്നതിന്റെ ഭാഗമായാണ് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുന്നത്. വകുപ്പിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും വകുപ്പിന്റെ പരിധിയിൽ വരുന്ന അനുബന്ധസേവനങ്ങളും പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതാണ് പൗരാവകാശരേഖയുടെ പരമപ്രധാനമായ ലക്ഷ്യം.

**വീക്ഷണം**

ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവയും പൊതുജനങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തി അപകടരഹിതവും ആരോഗ്യപ്രദവുമായ ഒരു വ്യവസായാന്തരീക്ഷം കെട്ടിപ്പടുക്കുക എന്നതാണ് നയവീക്ഷണം.

**ഉദ്ദേശ ലക്ഷ്യങ്ങൾ**

1. ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുക
2. അപകടകരമായ ഫാക്ടറികളുടെ സമീപവാസികളായ ജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക
3. ഭാവിയിലെ ആവശ്യങ്ങൾ മുൻകൂട്ടി കാണുന്ന ഭരണവും ചിട്ടകളും വികസിപ്പിച്ച് നിലനിർത്തുക
4. സംസ്ഥാനത്ത് അത്യാഹിതം കൈകാര്യം ചെയ്യുന്നതിനാവശ്യമായ മുൻകരുതലുകൾ ഉറപ്പുവരുത്തുക
5. വ്യാവസായിക അപകടങ്ങളുടെ നോഡൽ വകുപ്പ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പാണ്.

**വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നിയമങ്ങളും ചട്ടങ്ങളും**

എ) <u>സെൻട്രൽ ആക്ടുകൾ</u>

1. ഫാക്ടറീസ് ആക്ട്, 1948
2. ബോയിലേഴ്സ് ആക്ട്, 1923
3. പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936
4. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്, 1961
5. ഡെയ്ഞ്ചറസ് മെഷീൻസ് (റെഗുലേഷൻ) ആക്ട്, 1983
6. എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട്, 1986
7. ലേബർ നിയമങ്ങൾ (എക്സെംപ്ഷൻ ഫ്രം ഫർണീഷിംഗ് റിട്ടേൺസ് & മെയിന്റയിനിംഗ് രജിസ്റ്റേഴ്സ് ബൈ സേർട്ടൻ എസ്റ്റാബ്ലിഷ്മെൻറ്സ്) ആക്ട്, 1988
8. ദിബിൽഡിംഗ് ആന്റ് അദർ കൺസ്ട്രേക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1996
9. ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട്, 1986

ബി) <u>സെൻട്രൽ റൂളുകൾ</u>

1. മാനുഫാക്ച്ചർ, സ്റ്റോറേജ് & ഇംപോർട്ട് ഓഫ് ഹസാർഡസ് കെമിക്കൽസ് റൂൾസ്, **1989**
2. കെമിക്കൽ ആക്സിഡന്റ്സ് (എമർജൻസി പ്ലാനിംഗ് പ്രെപ്പേർഡ്നസ് ആന്റ് റസ്പോൺസ്) റൂൾസ്, **1996**

സി) <u>സെൻട്രൽ റെഗുലേഷനുകൾ</u>

1. ഇൻഡ്യൻ ബോയിലർ റെഗുലേഷൻ, **1950**

ഡി) <u>സ്റ്റേറ്റ് ആക്ടുകൾ</u>

1. കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട്, **2000**
2. അൺ രജിസ്ട്രേഡ് കാഷ്യുനട്ട് ഫാക്ടറീസ് (പ്രൊഹിബിഷൻ) ആക്ട്, **1967**

ഇ) <u>സ്റ്റേറ്റ് റൂൾസ്</u>

1. കേരള ഫാക്ടറീസ് റൂൾസ്, **1957**
2. കേരള ബോയിലർ റൂൾസ്, **1967**
3. കേരള ബോയിലർ അറ്റന്റൻസ് റൂൾസ്, **1957**
4. കേരള ബോയിലർ ഓപ്പറേഷൻ എഞ്ചിനിയേഴ്സ് റൂൾസ്, **1957**
5. കേരള എക്കണോമൈസർ റൂൾസ്, **1958**
6. കേരള പെയ്മെന്റ് ഓഫ് വേജസ് റൂൾസ്, **1958**
7. കേരള മെറ്റേണിറ്റി ബെനിഫിറ്റ് റൂൾസ്, **1964**
8. കേരള ഡെയിഞ്ചറസ് മെഷീൻ (റെഗുലേഷൻ) റൂൾസ്, **2001**
9. ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) കേരള റൂൾസ്, **1998**
10. ചെൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) റൂൾസ്, **1988**
11. കേരള ഫാക്ടറീസ് (മേജർ ആക്സിഡന്റ് ഹസാർഡ് കൺട്രോൾ) റൂൾസ്, **2005**

**വകുപ്പിന്റെ ഘടന**

വകുപ്പിന്റെ ഭരണ നിയന്ത്രണം തൊഴിലും നൈപുണ്യവും വകുപ്പിൽ നിക്ഷിപ്തമാണ്

വകുപ്പ് മന്ത്രി : ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

വകുപ്പ് സെക്രട്ടറി : തൊഴിലും നൈപുണ്യവും വകുപ്പുസെക്രട്ടറി

വകുപ്പ് തലവൻ : ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

**ദ്വിവിഭാഗ ഭരണ സംവിധാനമാണ് ഈ വകുപ്പിൽ നിലവിലുള്ളത്.**

(എ) പരിശോധനാ വിഭാഗം (എൻഫോഴ്സ്മെൻറ് വിംഗ്)

(ബി) ആരോഗ്യ സുരക്ഷിതത്വ വിദഗ്ധോപദേശക വിഭാഗം (ഹെൽത്ത് & സേഫ്റ്റി

എക്സ്പെർട്ട് അഡ്വൈസറി വിംഗ്)

**(എ) പരിശോധന വിഭാഗം (എൻഫോഴ്സ്മെന്റ് വിംഗ്)**

പരിശോധന വിഭാഗത്തെ ഭരണ സൗകര്യത്തിനായി ഫാക്ടറി ഡിവിഷനുകളായി തിരിച്ചിരിക്കുന്നു. 22 ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഡിവിഷനുകളും, 25 അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ഡിവിഷനുകളും ഉണ്ട്. ഈ ഡിവിഷനുകളെ 3 മേഖലകളായി തിരിച്ച് അവയുടെ ഭരണം മേഖലാ ജോയിന്റ് ഡയറക്ടർമാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 2 (എം) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള (മേജർ) ഫാക്ടറികളും, സെക്ഷൻ 85 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഹസാർഡസ് ഡെയിഞ്ചറസ് മാനുഫാക്ചറിംഗ് പ്രോസസ് നടത്തുന്ന മൈനർ ഫാക്ടറികളും, കൂടാതെ ബോയിലറുകളും ഗ്രേഡ്–I/II ഇൻസ്പെക്ടർമാർ പരിശോധിക്കുന്നു . കൂടാതെ സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ കാര്യങ്ങൾ നോക്കുന്നതിന് കൊല്ലം ജില്ലയിൽ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ കീഴിൽ വിന്യസിച്ച തസ്തികയിൽ ഒരു ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഇൻസ്പെക്ടർ (ഗ്രേഡ് -2) പ്രവർത്തിക്കുന്നു.

കൊച്ചിയിൽ അമ്പലമുകളിൽ ബി.പി.സി.എൽ കൊച്ചി റിഫൈനറീസ് ലിമിറ്റഡിന്റെ കപ്പാസിറ്റി എക്സ്പാൻഷൻ-കം-മോഡേണൈസേഷന്റെ വിവിധ ഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി വകുപ്പിലെ ഒരു [illegible]യിന്റ് ഡയറക്ടറുടെ സേവനം 2005 മുതൽ ടി ഫാക്ടറിയിൽ ലഭ്യമാക്കിയിട്ടുണ്ട് . കൂടാതെ കൊച്ചിൻ ഷിപ്പ് യാർഡിൽ തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം ഇവ സബന്ധിച്ച നിയമങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു ജോയിന്റ് ഡയറക്ടറുടെ സേവനം 2011 മുതൽ ലഭ്യമാക്കിയിട്ടുണ്ട് .

വകുപ്പിന്റെ ഡയറക്ടറേറ്റിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. ഈ വിവരങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിലും (www.fabkerala.gov.in) ലഭ്യമാണ്.

| ഹെഡ് ഓഫീസ്/ ഡയറക്ടറേറ്റ് | ഫോൺ നമ്പർ | അധികാരപരിധി |
|---|---|---|
| ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, "സുരക്ഷാഭവൻ", കുമാരപുരം, തിരുവനന്തപുരം | 0471-2441597<br>0471-2440974 | കേരള സംസ്ഥാനം ഒട്ടാകെ |
| ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (ഹെഡ് ക്വാർട്ടേഴ്സ്), | 0471-2441597 | കേരള സംസ്ഥാനം ഒട്ടാകെ |



Generated from eOffice by SINDHUKUMARI V S, ASST (B2) LBRD, ASST (B2) LBRD, LABOUR DEPARTMENT on 05/03/2025 03:32 PM

| | | |
|---|---|---|
| "സുരക്ഷാഭവൻ", കുമാരപുരം, തിരുവനന്തപുരം | 0471-2477974 | |
| ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 (ഹെഡ് ക്വാർട്ടേഴ്സ്) , "സുരക്ഷാഭവൻ", കുമാരപുരം, തിരുവനന്തപുരം | 0471-2441597<br>0471-2477974 | കേരള സംസ്ഥാനം ഒട്ടാകെ |

ഓരോ മേഖലാ ജോയിൻറ് ഡയറക്ടറുടെയും നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറി ഡിവിഷനുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഈ വിവരങ്ങൾ വകുപ്പിന്റെ  വെബ് സൈറ്റിലും (www.fabkerala.gov.in) ലഭ്യമാണ്.

**മേഖലാ ഓഫീസുകൾ**

| മേഖല | ജോയിന്റ് ഡയറക്ടർ ഓഫീസ് | ഫോൺ നമ്പർ | അധികാരപരിധിയിൽ വരുന്ന ഫാക്ടറി ഡിവിഷനുകൾ |
|---|---|---|---|
| 1. കൊല്ലം | ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, OHRC ബിൽഡിംഗ്, ആശ്രാമം, കൊല്ലം | 0474-2970254 | 1. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, തിരുവനന്തപുരം<br>2. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്,  തിരുവനന്തപുരം (നോർത്ത്)<br>3. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തിരുവനന്തപുരം (സൗത്ത്)<br>4. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കൊല്ലം<br>5. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കൊല്ലം<br>6. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കുണ്ടറ (നോർത്ത്)<br>7. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കുണ്ടറ (സൗത്ത്)<br>8. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്,  കുണ്ടറ<br>9. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & |

| | | | |
|---|---|---|---|
| | | | ബോയിലേഴ്സ് ഗ്രേഡ്-2,ചെങ്ങന്നൂർ<br>10. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ചെങ്ങന്നൂർ<br>11. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, ആലപ്പുഴ<br>12. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ആലപ്പുഴ<br>13. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കോട്ടയം<br>14. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കോട്ടയം (നോർത്ത്)<br>15. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കോട്ടയം (സൗത്ത്) |
| **2.**<br>എറണാകുള ം | ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, **CHEMREC** ബിൽഡിംഗ്, കാക്കനാട്, എറണാകുളം | **0484-2422258**<br>**0484-2425801** | 1. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, തൊടുപുഴ<br>2. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തൊടുപുഴ<br>3. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, എറണാകുളം<br>4. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, എറണാകുളം<br>5. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കൊച്ചി<br>6. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കൊച്ചി<br>7. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, ആലുവ<br>8. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ആലുവ<br>9. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2. തൃശ്ശൂർ<br>10. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തൃശ്ശൂർ(നോർത്ത്)<br>11. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തൃശ്ശൂർ (സൗത്ത്) |

| | | | |
|---|---|---|---|
| | | | 12. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, ഇരിഞ്ഞാലക്കുട<br>13. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ഇരിഞ്ഞാലക്കുട<br>14. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, പാലക്കാട്<br>15. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, പാലക്കാട് (നോർത്ത്)<br>16. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, പാലക്കാട് (സൗത്ത്)<br>17. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, പെരുമ്പാവൂർ<br>18. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, പെരുമ്പാവൂർ |
| 3. കോഴിക്കോട് | ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, മൂന്നാം നില, സിവിൽ സ്റ്റേഷൻ, മലാപ്പറമ്പ്, കോഴിക്കോട് | **0495-2370508**<br>**0495-2371037** | 1. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, ഒറ്റപ്പാലം<br>2. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ഒറ്റപ്പാലം<br>3. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, മലപ്പുറം<br>4. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, മലപ്പുറം<br>5. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കോഴിക്കോട് (നോർത്ത്)<br>6. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കോഴിക്കോട് (നോർത്ത്)<br>7. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കോഴിക്കോട് (സൗത്ത്)<br>8. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കോഴിക്കോട് (സൗത്ത്)<br>9. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & |

| | | | |
|---|---|---|---|
| | | | ബോയിലേഴ്സ് ഗ്രേഡ്-2, തലശ്ശേരി<br>10. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തലശ്ശേരി<br>11. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1, കണ്ണൂർ<br>12. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കണ്ണൂർ<br>13. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, തളിപ്പറമ്പ്<br>14. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തളിപ്പറമ്പ് |

**ഡിവിഷണൽ ഓഫീസുകൾ**

| ഡിവിഷൻ | ഓഫീസ് | | ടെലഫോൺ നമ്പർ |
|---|---|---|---|
| 1. തിരുവനന്തപുരം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | വസന്തം ടവേഴ്സ്, പേരൂർക്കട, തിരുവനന്തപുര ം | **0471-2431458** |
| 2. തിരുവനന്തപുരം (നോർത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തിരുവനന്തപുരം (നോർത്ത്) | | **0471-2471458** |
| 3. തിരുവനന്തപുരം (സൗത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, തിരുവനന്തപുരം (സൗത്ത്) | | |
| 4. കൊല്ലം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | സിവിൽ സ്റ്റേഷൻ, കൊല്ലം | **0474-2795022** |
| 5. കൊല്ലം | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 6. കുണ്ടറ (നോർത്ത്) | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മിനി സിവിൽ സ്റ്റേഷൻ, കുണ്ടറ | **0474-2522225** |
| 7. കുണ്ടറ (സൗത്ത്) | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | | |
| 8. കുണ്ടറ | ഓഫീസ് ഓഫ് ദി അഡീഷണൽ | | |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 9. ചെങ്ങന്നൂർ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മിനി സിവിൽ സ്റ്റേഷൻ ചെങ്ങന്നൂർ | **0479-2455570** |
| 10. ചെങ്ങന്നൂർ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 11. ആലപ്പുഴ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | സിവിൽ സ്റ്റേഷൻ അനക്സ്, ബോട്ട് ജെട്ടിക്ക് എതിർവശം, ആലപ്പുഴ | **0477-2238463** |
| 12. ആലപ്പുഴ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 13. കോട്ടയം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, നാഗമ്പടം, കോട്ടയം | **0481-2562131** |
| 14. കോട്ടയം (നോർത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 15. കോട്ടയം (സൗത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 16. തൊടുപുഴ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മിനി സിവിൽ സ്റ്റേഷൻ, തൊടുപുഴ | **0486-2222936** |
| 17. തൊടുപുഴ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 18. എറണാകുളം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം | **0484-2422272** |
| 19. എറണാകുളം | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0484-2421868** |
| 20. കൊച്ചി | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | **CHEMREC** ബിൽഡിംഗ്, കാക്കനാട്, എറണാകുളം | **0484-2232525** |
| 21. കൊച്ചി | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| 22. ആലുവ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | **CHEMREC** ബിൽഡിംഗ്, കാക്കനാട്, എറണാകുളം | **0484-2623166** |
| 23. ആലുവ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |

| | | | |
|---|---|---|---|
| **24.** പെരുമ്പാവൂർ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | **CHEMREC** ബിൽഡിംഗ്, കാക്കനാട്, എറണാകുളം | **0484-2623166** |
| **25.** പെരുമ്പാവൂർ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| **26.** ഇരിഞ്ഞാലക്കുട | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | രണ്ടാം നില, മിനി സിവിൽ സ്റ്റേഷൻ, ഇരിഞ്ഞാലക്കുട | **0480-2820951** |
| **27.** ഇരിഞ്ഞാലക്കുട | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0480-2825727** |
| **28.** തൃശ്ശൂർ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | ഗ്രൗണ്ട് ഫ്ലോർ, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ | **0487-2364183** |
| **29.** തൃശ്ശൂർ (നോർത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| **30.** തൃശ്ശൂർ (സൗത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| **31.** പാലക്കാട് | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | സിവിൽ സ്റ്റേഷൻ, പാലക്കാട് | **0491-2505669** |
| **32.** പാലക്കാട് (നോർത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0491-2505456** |
| **33.** പാലക്കാട് (സൗത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| **34.** ഒറ്റപ്പാലം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മിനി സിവിൽ സ്റ്റേഷൻ കണ്ണിയംപുരം, ഒറ്റപ്പാലം | **0466-2247585** |
| **35.** ഒറ്റപ്പാലം | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0466-2248086** |
| **36.** കോഴിക്കോട് (നോർത്ത്) | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മൂന്നാം നില, സിവിൽ സ്റ്റേഷൻ, മലാപ്പറമ്പ്, കോഴിക്കോട് | **0495-2371678** |
| **37.** കോഴിക്കോട് (നോർത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | |
| **38.** കോഴിക്കോട് (സൗത്ത്) | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മൂന്നാം നില, സിവിൽ സ്റ്റേഷൻ, മലാപ്പറമ്പ്, കോഴിക്കോട് | **0495-2370202** |
| **39.** കോഴിക്കോട് (സൗത്ത്) | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0495-2370003** |

| | | | |
|---|---|---|---|
| **40.** മലപ്പുറം | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | സിവിൽ സ്റ്റേഷൻ മലപ്പുറം | **0483-2734859** |
| **41.** മലപ്പുറം | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0483-2731859** |
| **42.** തലശ്ശേരി | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | അഞ്ചാം നില, മിനി സിവിൽ സ്റ്റേഷൻ, തലശ്ശേരി | **0490-2321725** |
| **43.** തലശ്ശേരി | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0490-2321724** |
| **44.** കണ്ണൂർ | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 | രണ്ടാം നില, സിവിൽ സ്റ്റേഷൻ, | **0497-2700908** |
| **45.** കണ്ണൂർ | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0497-2760908** |
| **46.** തളിപ്പറമ്പ് | ഓഫീസ് ഓഫ് ദി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 | മൂന്നാം നില, മിനി സിവിൽ സ്റ്റേഷൻ, തളിപ്പറമ്പ് | **0460-2202243** |
| **47.** തളിപ്പറമ്പ് | ഓഫീസ് ഓഫ് ദി അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് | | **0460-2200309** |

**ബി) ആരോഗ്യ സുരക്ഷിതത്വ വിദഗ്ധോപദേശക വിഭാഗം**

ഈ വിഭാഗത്തിൽ ഒക്കുപേഷണൽ ഹെൽത്ത് ഡിവിഷനും കെമിക്കൽ ഡിവിഷനും ഉൾപ്പെടുന്നു. ഈ വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിൻറ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (മെഡിക്കൽ) ആണ്. ഒരു ടെക്നിക്കൽ ഓഫീസർ (കെമിക്കൽ), അഞ്ച് കെമിക്കൽ ഇൻസ്പെക്ടർമാർ, നാല് മെഡിക്കൽ ഓഫീസർമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

| **ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) ഓഫീസ്** | | |
|---|---|---|
| | ഫോൺ നമ്പർ | അധികാരപരിധി |
| ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (മെഡിക്കൽ), **OHRC** ബിൽഡിംഗ്, ആശ്രാമം, കൊല്ലം | **0474-2765130** | കേരള സംസ്ഥാനം ഒട്ടാകെ |

രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഫാക്ടറികളിൽ (മേജർ ആക്സിഡൻറ് ഹസാർഡസ്) ഗുരുതരമായ അപകട സാദ്ധ്യതയുള്ളതിനാൽ വിദഗ്ധ പരിശോധന

നടത്തുന്നതിനായി മേൽ പറഞ്ഞ സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ലാബോറട്ടറി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട് . കൂടാതെ ഹസാർഡസ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ മുൻനിർത്തി ഫാക്ടറി നിയമത്തിലും ചട്ടത്തിലും നിഷ്ക്കർഷിക്കുന്നതുപ്രകാരം ഫാക്ടറി അന്തരീക്ഷത്തിലെ എയർ മോണിറ്ററിംഗ് , തൊഴിലാളികളുടെ വൈദ്യപരിശോധന എന്നിവ നടപ്പിലാക്കുന്നതിനായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് സേഫ്റ്റിസെൽ (Full Safety Control System Cell) ഓഫീസുകൾ പ്രവർത്തിക്കുന്നു.

**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ സേവനങ്ങൾ ലഭിക്കുന്നവർ**

എ) ഫാക്ടറികൾ ഉടമകൾ
ബി) ബോയിലർ ഉടമകൾ
സി) ഫാക്ടറി തൊഴിലാളികൾ
ഡി) പൊതുജനങ്ങൾ
ഇ) ബോയിലർ നിർമ്മാതാക്കൾ
എഫ്) ബോയിലർ റിപ്പയർമാർ
ജി) കോംപറ്റന്റ് പേഴ്സൺസ്

**<u>എ&ബി) ഫാക്ടറികൾ/ബോയിലർ ഉടമകൾ</u>**

1948-ലെ ഫാക്ടറീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് ലൈസൻസ് നൽകുന്നു. വൻ അപകട സാധ്യതയുള്ള ഫാക്ടറികളുടെ (മേജർ ആക്സിഡന്റ് ഹസാർഡസ്) കാര്യത്തിൽ മൂന്ന് ഘട്ടങ്ങളിലായും മറ്റ് ഫാക്ടറികളുടെ കാര്യത്തിൽ രണ്ട് ഘട്ടങ്ങളിലായും , ചെറുകിട ഫാക്ടറികളുടെ കാര്യത്തിൽ ഒരു ഘട്ടമായും ലൈസൻസ് നൽകൽ പ്രക്രിയ പൂർണ്ണമാകുന്നു.

a) **ഒന്നാംഘട്ടം- സൈറ്റ് അപ്രൈസൽ**

<u>അപകടസാധ്യതയുള്ള ഫാക്ടറികളുടെ കാര്യത്തിൽ -</u> വൻ അപകടസാധ്യതയുള്ള ഫാക്ടറി (മേജർ ആക്സിഡന്റ് ഹസാർഡസ്) സ്ഥാപിക്കുന്ന സ്ഥലത്തിന് ഗവൺമെന്റിൽ നിന്നും മുൻകൂറായി അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 41 എ പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള സൈറ്റ് അപ്രൈസൽ കമ്മിറ്റിയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സൈറ്റ് അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ അനുമതി നൽകുന്നത്.

FABOS (Factories and Boilers Online System) വഴി ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**സമർപ്പിക്കേണ്ട പ്രമാണങ്ങൾ**

1. അപേക്ഷയും നിർദേശിക്കപ്പെട്ട രേഖകളും (15 പ്രതി)
2. പരിസ്ഥിതി ആഘാത നിർണ്ണയ റിപ്പോർട്ട്
3. റിസ്ക് അനാലിസിസ് റിപ്പോർട്ട്
4. ഫീസ് (ഹെഡ് ഓഫ് അക്കൗണ്ട് 0230-00-104) (ഓൺലൈനായി)

അപേക്ഷ ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ പരിശോധിച്ച് അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നു.

**b) രണ്ടാം ഘട്ടം- പെർമിറ്റ്**

എ) വൻ അപകട സാധ്യതയുള്ള ഫാക്ടറികൾ (മേജർ ആക്സിഡന്റ് ഹസാർഡസ്)

ബി) 10 ൽ കൂടുതൽ തൊഴിലാളികൾ ഉള്ള ഫാക്ടറികൾ (സെക്ഷൻ 2m)

വൻ അപകട സാധ്യതയുള്ള ഫാക്ടറികളുടെ കാര്യത്തിൽ രണ്ട് ഘട്ടമായും മറ്റു ഫാക്ടറികളുടെ കാര്യത്തിൽ ഒരു ഘട്ടമായും ഫാക്ടറി കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി (permit) ഈ വകുപ്പ് നൽകുന്നു.

<u>പെർമിറ്റ് അനുവദിക്കുന്ന അധികാരി</u>

എ) 9 തൊഴിലാളികൾ വരെയുള്ള ഫാക്ടറികൾ - പെർമിറ്റ് ആവശ്യമില്ല

ബി) 10 മുതൽ 20 വരെ (കശുവണ്ടി ഫാക്ടറികൾ ഒഴികെ) – അതത് മേഖലാ ജോയിന്റ് ഡയറക്ടർ

സി) കശുവണ്ടി ഫാക്ടറികളും 20-ൽ കൂടുതൽ തൊഴിലാളികൾ - ഡയറക്ടർ

പെർമിറ്റിനായുള്ള അപേക്ഷ FABOS (Factories and Boilers Online System) വഴി ഫീസ് ഉൾപ്പെടെ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

<u>സമർപ്പിക്കേണ്ട പ്രമാണങ്ങൾ</u>

1. അപേക്ഷ – ഒന്നാം നമ്പർ ഫാറത്തിൽ
2. ഉൽപാദന പ്രക്രിയ വിശദമാക്കുന്ന ഫ്ലോ ചാർട്ടും നിർമ്മാണ പ്രക്രിയയുടെ ലഘുവിവരണവും
3. പരിശോധന ഫീസ് (അക്കൗണ്ട് ഹെഡ് നമ്പർ 0230-00-104) (ഓൺലൈനായി)
4. ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലവും ഫാക്ടറിക്കായുള്ള എല്ലാ കെട്ടിടങ്ങളും അടുത്തുള്ള റോഡുകൾ, ഓടകൾ, മറ്റു കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടെ (പരിസരങ്ങൾ സഹിതം) 1:400 എന്ന തോതിൽ വരച്ച 100 മീറ്റർ റേഡിയസിലുള്ള സൈറ്റ് പ്ലാനുകൾ അപേക്ഷകനും അംഗീകൃത ഡ്രാഫ്റ്റ്സ്മാനും സാക്ഷ്യപ്പെടുത്തിയത് (ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി).
5. നൈസർഗികമായ വെളിച്ചം, വായു സഞ്ചാരം, അഗ്നിബാധ/ അപകടങ്ങൾ ഉണ്ടായാൽ രക്ഷാ മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അടക്കം വിവിധ കെട്ടിടങ്ങളുടെ പ്ലാൻ, എലിവേഷൻ, ക്രോസ് സെക്ഷൻ എന്നിവ വരച്ച് അപേക്ഷകനും അംഗീകൃത ഡ്രാഫ്റ്റ്സ്മാനും സാക്ഷ്യപ്പെടുത്തിയത്. (ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി)
6. ഫാക്ടറിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളും അനുബന്ധ മോട്ടോറുകളും പ്രത്യേകമായി അക്കമിട്ട് കുതിരശക്തി ഉൾപ്പെടെ രേഖപ്പെടുത്തിയ മെഷിനറി ലേ ഔട്ട്

അപേക്ഷകനും അംഗീകൃത ഡ്രാഫ്റ്റ്സ്മാനും സാക്ഷ്യപ്പെടുത്തിയത്. (ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി)

8. ഹസാർഡസും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന നിർമ്മാണ പ്രക്രിയ നടത്തുന്ന ഫാക്ടറിക്കാണ് ഉദ്ദേശമെങ്കിൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും ഗവൺമെന്റിൽ ടൗൺ പ്ലാനറിൽ നിന്നും ലഭിച്ച ഫാക്ടറി ലൊക്കേഷൻ അംഗീകരിച്ച സർട്ടിഫിക്കറ്റും

9. MAH ഫാക്ടറിയെങ്കിൽ സെക്ഷൻ 41A പ്രകാരം ഗവൺമെന്റിൽ നിന്നും അനുവാദം ലഭിച്ച ഉത്തരവിന്റെ പകർപ്പ്

<u>അപേക്ഷ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ.</u>

1) അതിരുകളിൽ നിന്നും വിട്ടിട്ടുള്ള സ്ഥലം/സ്റ്റേറ്റ് ഹൈവേയിൽ നിന്നുള്ള ദൂരം/തുറസ്സായ സ്ഥലത്തിന്റെ വിവരങ്ങൾ/നാഷണൽ ഹൈവേയിൽ നിന്നുള്ള ദൂരം ഇവയും രേഖപ്പെടുത്തിയിരിക്കണം.
2) മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജലപോഷണ സംവിധാനവും ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ പ്ലാനിൽ രേഖപ്പെടുത്തണം.
3) പെർമിറ്റ് ലഭിച്ചു കഴിഞ്ഞാൽ അതിന് അതീതമായി കെട്ടിടങ്ങൾ പണിയുകയോ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുകയോ ചെയ്യണമെങ്കിൽ അവയ്ക്ക് വീണ്ടും പെർമിറ്റ് വാങ്ങേണ്ടതാണ്. വീണ്ടും പെർമിറ്റ് അനുവദിക്കുന്നതിന് മുകളിൽ പറഞ്ഞ എല്ലാ നിബന്ധനകളും ബാധകമാണ്
4) പെർമിറ്റിന്റെ കാലാവധി ഒരു വർഷമാണ്. അതിനുള്ളിൽ നിർമ്മാണ പ്രക്രിയ പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുനഃസാധൂകരണം ചെയ്യേണ്ടതാണ്.
5) പെർമിറ്റ് നൽകിയ അധികാരി തന്നെയാണ് പെർമിറ്റ് പുനഃസാധൂകരണം ചെയ്യേണ്ടതും ഇതിന് ഒന്നാം നമ്പർ ഫോറത്തിൽ അപേക്ഷിക്കണം. 100% ഫീസ് അടയ്ക്കുകയും വേണം.

**C) മൂന്നാം ഘട്ടം- ലൈസൻസ് അനുവദിക്കൽ**

സെക്ഷൻ 2(എം)-ൽ വരുന്ന ഫാക്ടറികൾക്ക് ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറും സെക്ഷൻ 85-ൽ വരുന്ന ഫാക്ടറികൾക്ക് ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടറുമാണ് ലൈസൻസ് നൽകുന്നത്. പ്ലാൻ അംഗീകരിച്ച് നൽകിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയശേഷം വേണം സെക്ഷൻ 2(എം)-ൽ വരുന്ന ഫാക്ടറികൾ ലൈസൻസിന് അപേക്ഷിക്കാൻ.

ലൈസൻസിനായുള്ള അപേക്ഷ FABOS ( Factories and Boilers Online System) വഴി ഫീസ് ഉൾപ്പടെ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

<u>സമർപ്പിക്കേണ്ട പ്രമാണങ്ങൾ</u>

1. അപേക്ഷ – രണ്ടാം നമ്പർ ഫോറത്തിൽ
2. ലൈസൻസ് ഫീസ് (അക്കൗണ്ട് ഹെഡ് നമ്പർ 0230-00-104) (ഓൺലൈനായി)
3. സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് 3-ാം നമ്പർ ഫാറത്തിൽ (2m ഫാക്ടറികൾക്ക്)



File No. LBRD-B2/53/2025-LBRD (Computer No. 3063848)

Generated from eOffice by SINDHUKUMARI V S, ASST (B2) LBRD, ASST (B2) LBRD, LABOUR DEPARTMENT on 05/03/2025 03:32 PM

4. ഫാക്ടറി ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പാർട്ട്ണർഷിപ്പ് ഡീഡ്/ മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ സൊസൈറ്റിയുടെ ബൈലോ, ഡയറക്ടർമാരുടെ ലിസ്റ്റ്/ പാർട്ണർമാരുടെ ലിസ്റ്റ്.
5. ഫാക്ടറി ഉടമയെ (ഡയറക്ടർ/മാനേജിംഗ് ഡയറക്ടർ/മാനേജിംഗ് പാർട്ട്ണർ/ ചെയർമാൻ/ പ്രസിഡന്റ് ആയി) നിയമിച്ചതിന്റെ രേഖകൾ
6. ഫാക്ടറി സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ തൻ വർഷം കരം അടച്ച രസീത്
7. ഫാക്ടറി കെട്ടിടം വാടകയ്ക്കാണെങ്കിൽ വാടക കരാറിന്റെ/ലീസ് ഡീഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
8. ഉടമസ്ഥന്റെ അഭാവത്തിൽ പവർ ഓഫ് അറ്റോർണിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
9. ഹസാർഡസും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന നിർമ്മാണ പ്രക്രിയ നടത്തുന്ന ഫാക്ടറിക്കാണ് ഉദ്ദേശമെങ്കിൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും ഗവൺമെന്റിൽ ടൗൺ പ്ലാനറിൽ നിന്നും ലഭിച്ച ഫാക്ടറി ലൊക്കേഷൻ അംഗീകരിച്ച സർട്ടിഫിക്കറ്റും

ഫാക്ടറികളുടെ ലൈസൻസുകളുടെ പുതുക്കൽ, കൈമാറ്റം, ഭേദഗതി തുടങ്ങിയ കാര്യങ്ങൾ അതാതു ജോയിന്റെ ഡയറക്ടർമാരുടെ അധികാരപരിധിയിൽ വരുന്നു. ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനും റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം സെക്ഷൻ 85-ൽ ജോയിന്റ് ഡയറക്ടർക്കും സെക്ഷൻ 2 എം-ൽ ഡയറക്ടർക്കുമാണ്. നിയമാനുസരണം അപേക്ഷ സമർപ്പിച്ചാൽ സെക്ഷൻ 85-ൽ 20 ദിവസത്തിനകവും സെക്ഷൻ 2 എം-ൽ 15 ദിവസത്തിനകവും ലൈസൻസ് നൽകുന്നതാണ്.

ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 85 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള ചെറിയ ഫാക്ടറികളുടെ കാര്യത്തിൽ പ്ലാൻ അംഗീകാരം ഇല്ലാതെ തന്നെ ലൈസൻസ് അനുവദിക്കുന്നു. എല്ലാ രേഖകളും സഹിതം അപേക്ഷ സമർപ്പിച്ചാൽ 15 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നു. ഈ ലൈസൻസ് നൽകുന്നതിനുള്ള അധികാരം അതാത് ജോയിന്റ് ഡയറക്ടർമാരിൽ നിക്ഷിപ്തമാണ്.

**ലൈസൻസ് പുതുക്കൽ**

ലൈസൻസിന്റെ കാലാവധി ഒരു കലണ്ടർ വർഷമാണ്. കാലാവധി തീരുന്നതിന് രണ്ടു മാസം മുമ്പ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വർഷത്തേക്കോ 10 വർഷത്തേയ്ക്കു വരെ ഒന്നിച്ചോ പുതുക്കാം. ലൈസൻസ് പുതുക്കി നൽകുന്ന അധികാരി അതാത് ജോയിന്റ് ഡയറക്ടർമാരാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതാത് വർഷം ഒക്ടോബർ 31 നകം ഫീസ് ഉൾപ്പടെ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഒക്ടോബർ 31-നു ശേഷം 25% അധിക ഫീസോടു കൂടിയും ഡിസംബർ 31-നു ശേഷം 50% അധിക ഫീസോടു കൂടിയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിയമാനുസരണം അപേക്ഷ സമർപ്പിച്ചാൽ 15 ദിവസത്തിനകം ലൈസൻസ് പുതുക്കി നൽകുന്നതാണ്.

### കോമ്പിറ്റന്റ് പേഴ്സൺ

ഫാക്ടറി കെട്ടിടങ്ങളുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റിയെ സംബന്ധിച്ച് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനും ഫാക്ടറികളിൽ നിർമ്മാണ പ്രക്രിയക്ക് വേണ്ടിയുള്ള പ്രഷർ വെസ്സൽസ്, ലിഫ്റ്റിംഗ് ടാക്കിൾസ്, ഹോയിസ്റ്റ്സ് മുതലായവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും അവ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനും നിശ്ചിത യോഗ്യതയുള്ള കോമ്പിറ്റന്റ് പേഴ്സണിന് വകുപ്പ് അംഗീകാരം നൽകുന്നു. ഇതിന് ആവശ്യമായ രേഖകളോടൊപ്പം അപേക്ഷകൾ ഫീസ് ഉൾപ്പടെ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൾ ലഭിച്ചാൽ പരമാവധി 30 ദിവസത്തിനുള്ളിൽ തന്നെ അംഗീകാരം നൽകുകയോ/നിരസിയ്ക്കുകയോ ചെയ്യുന്നു. അപ്രകാരം അംഗീകാരം ലഭിച്ചവർ മേൽപറഞ്ഞവ പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്നു.

### ഇളവ് അനുവദിക്കൽ

ചീഫ് ഇൻസ്പെക്ടറിൽ/ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അധികാരമുപയോഗിച്ച് ഫാക്ടറി ഉടമകളുടെ ആവശ്യപ്രകാരം ഫാക്ടറീസ് ആക്ടിലെ ചില വ്യവസ്ഥകളിൽ നിന്നും പ്രത്യേക നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിയ്ക്കുന്നു. ഇതിനായി ലഭിയ്ക്കുന്ന അപേക്ഷകളിൽ പരമാവധി 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ബോയിലറുകളുടെ കേരളത്തിലെ നിർമ്മാണവും രജിസ്ട്രേഷനും

ഇൻഡ്യൻ ബോയിലർ ആക്ടും റഗുലേഷനും കേരള ബോയിലർ റൂളും പ്രകാരം പുതിയ ബോയിലറുകളുടെ കേരളത്തിലെ നിർമ്മാണവും രജിസ്ട്രേഷനും വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുന്നു. സ്റ്റീം ലൈനുകളുടെ പ്ലാനുകൾക്ക് അംഗീകാരം നൽകുന്നു. പുതിയ ബോയിലറുകളുടെ നിർമ്മാണത്തിനും രജിസ്ട്രേഷനും വേണ്ടി അപേക്ഷ ഫീസ് ഉൾപ്പടെ ഓൺലൈനായി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ബോയിലർ ഡോക്യുമെന്റ്, രജിസ്ട്രേഷൻ ഫീസ് എന്നിവ കൂടി അപ് ലോഡ് ചെയ്യണം. (ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്). ബോയിലറുകളും മറ്റു അനുബന്ധ ഭാഗങ്ങളും ഫാക്ടറിയിൽ സ്ഥാപിക്കുന്നത് അംഗീകൃത ബോയിലർ റിപ്പയർ മുഖാന്തിരം ആയിരിക്കണം.

സ്റ്റീം ലൈനുകളുടേയും മറ്റു അനുബന്ധ ഭാഗങ്ങളുടേയും അംഗീകാരത്തിനായി അപേക്ഷ ഫീസ് ഉൾപ്പടെ ഓൺലൈനായി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം സ്റ്റീം ലൈനിന്റെ പ്ലാനുകൾ എല്ലാ വിശദാംശങ്ങളോടുകൂടി പ്ലാനിലെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രൊഫോർമ എന്നിവ അപ് ലോഡ് ചെയ്യുകയും പരിശോധന ഫീസ് ഒടുക്കുകയും വേണം. ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

സ്റ്റീം ലൈനുകളുടേയും ബോയിലറുകളുടേയും എല്ലാ വർഷവുമുള്ള പരിശോധനയും (റിപ്പയറും) സർട്ടിഫിക്കേഷനും ഈ വകുപ്പ് ചെയ്ത് അവയുടെ സുരക്ഷ ഉറപ്പുവരുത്തുന്നു.

ബോയിലർ റിപ്പയറർമാർക്ക് അവരുടെ വർക്ക്ഷോപ്പ് സൗകര്യങ്ങൾ വിലയിരുത്തി വകുപ്പ് അംഗീകാരം നൽകുന്നു. ഇതിനുള്ള അപേക്ഷ ഫീസ് ഉൾപ്പടെ ഓൺലൈനായി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

ലൈസൻസ് കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് പുതുക്കി കിട്ടുന്നതിന് അപേക്ഷിക്കേണ്ടതാണ്. അതിനുശേഷം അപേക്ഷിക്കുകയാണെങ്കിൽ 25% പിഴയോടുകൂടി സമർപ്പിക്കേണ്ടതാണ്. കാലാവധിക്കുശേഷമാണെങ്കിൽ പുതുതായി അപേക്ഷ നൽകേണ്ടതാണ്.

സമർപ്പിക്കേണ്ട പ്രമാണങ്ങൾ

1. അപേക്ഷ ഫോറം ( ഫോറം XVIII ലെ ചോദ്യോവലി ഉൾപ്പെടെ)
2. യോഗ്യരായ ഐ.ബി.ആർ വെൽഡർമാരുടെ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി
3. സൂപ്പർവൈസർമാരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി (മെക്കാനിക്കൽ എഞ്ചിനീയർ/ ഡിപ്ലോമ)
4. സൂപ്പർവൈസർമാരുടെ 2 വർഷത്തെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്
5. വർക്ക്ഷോപ്പിന്റെ ഫാക്ടറി ലൈസൻസ് (ഫാക്ടറീസ് ആക്ട് പ്രകാരമുള്ളത്)
6. ഫീസ് (ഹെഡ് ഓഫ് അക്കൗണ്ട് 0230-00-103-99) (ഓൺലൈനായി)

**ക്ലാസ്-1, ക്ലാസ്-2, ക്ലാസ്-3, സ്പെഷ്യൽ ക്ലാസ് ബോയിലർ റിപ്പയർ**

നിലവിൽ ക്ലാസ്-1, ക്ലാസ്-2, ക്ലാസ്-3, സ്പെഷ്യൽ ക്ലാസ് ബോയിലർ റിപ്പയർ എന്നീ സർട്ടിഫിക്കറ്റുകൾ ആണ് നൽകിവരുന്നത്

<u>ക്ലാസ്-1 ബോയിലർ റിപ്പയർ</u>

സ്ഥാപനത്തിന്റെ ഉടമസ്ഥ് മെക്കാനിക്കൽ പ്രൊഡക്ഷൻ/പവർ പ്ലാന്റ് അല്ലെങ്കിൽ മെറ്റലർജിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം അല്ലെങ്കിൽ സ്ഥാപനത്തിൽ സ്ഥിരമായി ജോലി ചെയ്യുന്ന എഞ്ചിനീയർക്ക് മെക്കാനിക്കൽ/പ്രൊഡക്ഷൻ/പവർ പ്ലാന്റിൽ അല്ലെങ്കിൽ മെറ്റലർജിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം കൂടാതെ മേൽ പറഞ്ഞ ഉടമസ്ഥോ അല്ലെങ്കിൽ സ്ഥിരമായി ജോലി ചെയ്യുന്ന എഞ്ചിനീയർക്കോ ബോയിലറുകളുടെ ഫാബ്രിക്കേഷൻ, ഇറക്ഷൻ, റിപ്പയർ, മെയിന്റനൻസ്, ക്വാളിറ്റി കൺട്രോൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു ഓർഗനൈസേഷനിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പരിചയവും വേണം. കൂടാതെ ഐ.ബി.ആർ യോഗ്യതയുള്ള സ്ഥിരം വെൽഡർമാരും പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

<u>ക്ലാസ്-2 ബോയിലർ റിപ്പയർ</u>

സ്ഥാപനത്തിന്റെ ഉടമസ്ഥ് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ ഉണ്ടായിരിക്കണം അല്ലെങ്കിൽ സ്ഥാപനത്തിന് ഡിപ്ലോമയുള്ള സ്ഥിരമായി ജോലി ചെയ്യുന്ന എഞ്ചിനീയർ ഉണ്ടായിരിക്കണം. കൂടാതെ മേൽപറഞ്ഞ ഉടമസ്ഥോ സ്ഥിരമായി ജോലി ചെയ്യുന്ന എഞ്ചിനീയർക്കോ ബോയിലറുകളുടെ ഫാബ്രിക്കേഷൻ, ഇറക്ഷൻ, റിപ്പയർ, മെയിന്റനൻസ്, ക്വാളിറ്റി കൺട്രോൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു ഓർഗനൈസേഷനിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയവും വേണം. കൂടാതെ ഐ.ബി.ആർ യോഗ്യതയുള്ള സ്ഥിരം വെൽഡർമാരും പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

<u>ക്ലാസ്-3 ബോയിലർ റിപ്പയർ</u>

സ്ഥാപനത്തിന്റെ ഉടമസ്ഥ് അല്ലെങ്കിൽ സ്ഥിരമായി ജോലി ചെയ്യുന്ന ഒരു വ്യക്തിക്ക് ബോയിലറുകളുടെ ഇറക്ഷൻ, റിപ്പയർ, മെയിന്റനൻസ്, ഓപ്പറേഷൻ അല്ലെങ്കിൽ ബോയിലറിന്റെ ഇൻസ്പെക്ഷൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയം ഉണ്ടായിരിക്കണം കൂടാതെ ഐ.ബി.ആർ യോഗ്യതയുള്ള സ്ഥിരം വെൽഡർമാരും പ്രസ്തുത സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

**വെൽഡർമാർക്ക് അംഗീകാരം**

ഇൻഡ്യൻ ബോയിലർ റഗുലേഷൻ പ്രകാരമുള്ള ടെസ്റ്റുകൾ നടത്തി വെൽഡർമാർക്ക് അംഗീകാരം നൽകുന്നു. ടെസ്റ്റ് നടത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ ഫീസ് ഉൾപ്പടെ ഓൺലൈനായി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

<u>സമർപ്പിക്കേണ്ട പ്രമാണങ്ങൾ</u>

(1) ഫോം ഡി യിലുള്ള അപേക്ഷ

(2) എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്
(3) പാസ്പോർട്ട് സൈസ് ഫോട്ടോ
(4) ഫീസ് (ഹെഡ് ഓഫ് അക്കൗണ്ട് 0230-00-103-99) (ഓൺലൈനായി)
(5) വയസ് തെളിയിക്കുന്ന പ്രമാണം

**ബോയിലറുമായി ബന്ധപ്പെട്ട മറ്റു സേവനങ്ങൾ**

1) ബോയിലർ അറ്റൻഡർ, ബോയിലർ ഓപ്പറേഷൻ എഞ്ചിനീയർ എന്നീ തസ്തികയ്ക്കുള്ള യോഗ്യത നിർണ്ണയ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നു. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ പത്രപരസ്യത്തിലൂടെ അറിയിക്കുകയും എല്ലാ വർഷവും പരീക്ഷ നടത്തുകയും ചെയ്യുന്നു. അപേക്ഷ ഓൺലൈനായിട്ടാണ് ക്ഷണിക്കുന്നത്.

2) ഇന്ത്യൻ ബോയിലർ റെഗുലേഷൻ പ്രകാരമുള്ള വാൽവുകൾ ടെസ്റ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നു. ഫീസ് സംബന്ധിച്ച് വിവരങ്ങൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്.
3) പുതിയ ബോയിലർ ഇക്കണോമൈസർ IBR പ്രകാരമുള്ള മറ്റുഘടകങ്ങളുടെ നിർമ്മാണത്തിനുള്ള അനുമതി രജിസ്ട്രേഷൻ എന്നിവ വകുപ്പ് നൽകുന്നു. ഇതിനായുള്ള അപേക്ഷ ഫീസ് ഉൾപ്പടെ ഓൺലൈനായി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഡോക്യുമെന്റ്, രജിസ്ട്രേഷൻ ഫീസ് എന്നിവ കൂടി നൽകണം. ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്.

**തൊഴിലാളികളുടെ വൈദ്യപരിശോധന**

ഫാക്ടറി ചട്ടം 81A I പ്രകാരം അപായകരമായ പ്രക്രിയകളിൽ (Hazrdous Process) [Sec.2(cb)] ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വൈദ്യപരിശോധന നിർബന്ധമാണ്. അപേക്ഷ FABOS (Factories and Boilers Online System) വഴി ഫീസ് ഉൾപ്പടെ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

<u>സമർപ്പിക്കേണ്ട പ്രമാണങ്ങൾ</u>

1. വൈദ്യപരിശോധനയ്ക്കുള്ള അപേക്ഷ

2. ഫീസ് (ഹെഡ് ഓഫ് അക്കൗണ്ട് 0230-00-104-99 Medical Exam) (ഓൺലൈനായി)

**ഫീസ് സംബന്ധിച്ച വിവരങ്ങൾ**

വകുപ്പിൽ വിവിധ സേവനങ്ങൾക്ക് ഈടാക്കി വരുന്ന ഫീസ് നിരക്കുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ ഫീസ് പുതുക്കി നിശ്ചയ്ക്കുന്നതിന് അനുസൃമായി ടി ഫീസ് നിരക്കിൽ വ്യതിയാനം ഉണ്ടാകുന്നതാണ്

**റിട്ടേണുകൾ**

എ) അർദ്ധ വാർഷിക റിട്ടേൺ ഫോറം നമ്പർ 22-ൽ സമർപ്പിക്കേണ്ടത് ജൂലൈ 31-ന് മുൻപ് FABOS (Factories and Boilers Online System) വഴി ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

ബി) വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടത് ഫോറം നമ്പർ 21-ൽ ജനുവരി 31-ന് മുൻപ് FABOS (Factories and Boilers Online System) വഴി ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

**അപകടങ്ങൾ**

ഫാക്ടറിയിൽ ഉണ്ടാകുന്ന മരണത്തിൽ കലാശിക്കുന്നതും അല്ലാത്തതുമായ എല്ലാ അപകടങ്ങളും അപകടത്തിന്റെ സ്വഭാവമനുസരിച്ച് നമ്പർ 18 & 18 എ ഫാറത്തിൽ FABOS ( Factories and Boilers Online System) വഴി ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്.

## സി) ഫാക്ടറി തൊഴിലാളികൾ

1. തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം ഇവ ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. Factories Act, Boilers Act, Payment of Wages Act, Maternity Benefit Act, Dangerous Machine (Regulation) Act, Environment (Protection) Act, Labour Laws (Exemption from furnishing returns and maintaining registers by certain establishment) Act, Building and Other Construction Workers (Regulation of employment and conditions of service) Act, Child Labour (Prohibition and Regulation) Act-ഉം അനുബന്ധ ചട്ടങ്ങളും വകുപ്പ് നടപ്പിലാക്കുന്നു. ഫാക്ടറികളിൽ ജോലി ചെയ്യുമ്പോൾ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം സംബന്ധിച്ച കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നിയമം അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും മാനേജ്മെന്റ് നടപ്പിലാക്കുന്നുണ്ട് എന്ന് വകുപ്പിലെ ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുകയും വീഴ്ചകൾക്കെതിരെ കർശന നടപടികൾ (നിയമ നടപടി ഉൾപ്പെടെ) സ്വീകരിക്കുകയും ചെയ്യുന്നു.
2. ഫാക്ടറി തൊഴിലാളികൾക്ക് നിയമാനുസരണം ലഭിക്കേണ്ട വേതനം, പ്രസവാനുകൂല്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച പരാതി ലഭിച്ചാൽ ഉടൻ കൈപ്പറ്റ് രസീത് നൽകുകയും പരമാവധി 15 ദിവസത്തിനുള്ളിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.
3. ഫാക്ടറി ചട്ടം 81 A I പ്രകാരം അപായകരമായ പ്രക്രിയകളിൽ (Hazardous Processes) [Sec. 2 cb] ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കുന്നു. അപകട സാധ്യതയുള്ള പ്രക്രിയകൾ നടത്തുന്ന ഫാക്ടറികളിലെ തൊഴിൽ അന്തരീക്ഷം (Work place environment) തൊഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ മലിനമാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനം (Air Monitoring Study) നടത്തുകയും ആവശ്യമുള്ള അവസരത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
4. ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്ന ലക്ഷ്യം മുൻനിറുത്തി സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ഫാക്ടറികൾ അപകടരഹിതമാക്കുന്നതിനുള്ള യജ്ഞത്തിന്റെ ഭാഗമായി വകുപ്പ് വർഷംതോറും സേഫ്റ്റി അവാർഡുകൾ നൽകി വരുന്നു.
5. തൊഴിലാളികളേയും തൊഴിലാളി നേതാക്കളേയും മാനേജ്മെന്റിനേയും ബോധവത്കരിക്കുന്നതിന് വകുപ്പ് ആരോഗ്യ സുരക്ഷിതത്വ അവബോധ പരിശീലന പരിപാടികൾ മേഖലാ തലത്തിലും സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന സുരക്ഷാ പരിശീലന വാഹനത്തിലൂടെയും സംഘടിപ്പിക്കുന്നു.
6. അപകടങ്ങൾ ഉടനടി അന്വേഷണ വിധേയമാക്കി തുടർ നടപടി സ്വീകരിക്കുന്നു.
7. ഫാക്ടറി തൊഴിലാളികളിൽ നിന്നും പരാതികൾ ലഭിച്ചാൽ പരമാവധി 30 ദിവസത്തിനുള്ളിൽ അന്വേഷിച്ച് തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## ഡി) പൊതുജനങ്ങൾ

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വലുതും ചെറുതുമായ ഫാക്ടറികളുടെ പ്രവർത്തനം പരിസര നിവാസികൾക്കും പൊതുജനങ്ങൾക്കും ആരോഗ്യ, സുരക്ഷാ ഭീഷണി ഉണ്ടാകാതെ സംരക്ഷിക്കുന്നതിന് നിയമം അനുശാസിക്കുന്ന കാര്യങ്ങൾ മാനേജ്മെന്റ് ചെയ്യുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു.
2. അപകടസാധ്യതയുള്ള ഫാക്ടറികൾ തിരഞ്ഞെടുത്ത് തൊഴിലന്തരീക്ഷം പഠന വിധേയമാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നു.
3. ഏറ്റവും അപകട സാധ്യതയുള്ള ഫാക്ടറികൾ സ്ഥിതി ചെയ്യുന്ന ജില്ലകളിൽ ജില്ലാ കളക്ടറുമായി സഹകരിച്ച് ഓഫ് സൈറ്റ് എമർജൻസി പ്ലാൻ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നു. വകുപ്പിലെ ഫാക്ടറി ഇൻസ്പെക്ടർമാർക്ക് ഡിസ്ട്രിക്റ്റ് ക്രൈസിസ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമുണ്ട്.
4. പൊതുജനങ്ങൾക്കും പരിസരനിവാസികൾക്കും ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി **National Safety Council, National Productivity Council** തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് സെമിനാർ/വർക്ക്ഷോപ്പ്/എക്സിബിഷൻ എന്നിവ നടത്തുന്നു.
5. സ്കൂൾ/കോളേജ്/ഐ.റ്റി.ഐ. തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ബോധവത്കരണം നൽകുന്നതിന് വകുപ്പിന്റെ സഞ്ചരിക്കുന്ന സുരക്ഷാ പരിശീലന വാഹനമായ സുരക്ഷാരഥം ഉപയോഗിച്ച് ആരോഗ്യ സുരക്ഷിതത്വ അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
6. ഫാക്ടറികളിൽ നിന്നും പുറന്തള്ളപ്പെടുന്ന **effluents** പൊതുജനങ്ങൾക്കും പരിസര നിവാസികൾക്കും ആരോഗ്യ/പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത രീതിയിൽ ശുദ്ധീകരിക്കുന്നുണ്ടോ എന്ന് പരിശോധനയിലൂടെ ഉറപ്പു വരുത്തുകയും ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചാൽ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു.
7. ഏറ്റവും അപകട സാധ്യതയുള്ള ഫാക്ടറികൾ തയ്യാറാക്കിയിട്ടുള്ള ഓൺ-സൈറ്റ് എമർജൻസി പ്ലാനിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നടത്തുന്ന **Mock Drill** -ൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ സാക്ഷ്യം വഹിക്കുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.
8. വകുപ്പിന്റെ പ്രവർത്തനം, സേവനങ്ങൾ, ഓഫീസുകൾ, ബന്ധപ്പെട്ട ഓഫീസർമാർ എന്നീ വിവരങ്ങൾ വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന ലഘു രേഖയിൽ നിന്നും, വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്.

## വിവരാവകാശനിയമം

ഓരോ വകുപ്പുകളിലെയും ഭരണ നിർവ്വഹണത്തിൽ പരമാവധി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവരാവകാശനിയമം പ്രാബല്യത്തിൽ വന്നിട്ടുള്ളത്. **2005**-ൽ പ്രാബല്യത്തിൽ വന്ന ഈ നിയമപ്രകാരം വകുപ്പിൽ നിന്ന് അറിയേണ്ട വിവരങ്ങൾ നിശ്ചിത സമയപരിധിയ്ക്കകം തന്നെ അപേക്ഷകനെ അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. ഇതിനായി **https://rtiportal.kerala.gov.in/** എന്ന പോർട്ടൽ വഴി നിശ്ചിത ഫീസ് ഒടുക്കി അപേക്ഷ

നൽകേണ്ടതാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ പേരുവിവരങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്ന് ലഭിക്കുന്നതാണ്.

**പരാതി പരിഹാരം**

വകുപ്പിന്റെ സേവനങ്ങളെക്കുറിച്ചുള്ള പരാതികൾ ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (HQ) –ന്റെ ചുവടെ ചേർത്തിരിക്കുന്ന അഡ്രസ്സിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (HQ)

‘ സുരക്ഷാഭവൻ’, ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയം

കുമാരപുരം, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം -11

ഫോൺ നമ്പർ : 0471-2441597 (ഓഫീസ്)

ഇ-മെയിൽ : directorate.fab@kerala.gov.in

**വിജിലൻസ് സംവിധാനം**

ഭരണ നിർവ്വഹണം കൂടുതൽ പ്രവർത്തനക്ഷമവും സുതാര്യവുമാക്കുന്നതിനും ഉദ്യോഗസ്ഥ ഭരണ രംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിനും വേണ്ടി വകുപ്പിലെ മാനവശേഷി ഉപയോഗിച്ചുകൊണ്ട് ഒരു വിജിലൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഈ സെല്ലിന്റെ വിജിലൻസ് ഓഫീസറായി വകുപ്പിലെ തന്നെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ശ്രീമതി. വൽസ. എ.കെ.-യെ ചുമതലപ്പെടുത്തിയിരിക്കുന്നു.

വിജിലൻസ് ഓഫീസറുടെ മേൽവിലാസം

ശ്രീമതി. വൽസ. എ.കെ.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയം

കുമാരപുരം, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം

ഫോൺ നമ്പർ : 0471-2441597 (ഓഫീസ്)

**വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

(1) കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ

വ്യവസായശാലകളിലും രാസവസ്തുക്കൾ സംസ്ഥാനത്തിനകത്ത് പലയിടങ്ങളിൽ റോഡ് മാർഗ്ഗം എത്തിക്കുമ്പോഴും ഉണ്ടാകാവുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ എറണാകുളത്ത്

കാക്കനാടിൽ കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ (CHEMREC) എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നു.

(2) <u>വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>

ഇന്ന് ITI സർട്ടിഫിക്കറ്റുമായി വരുന്ന മിക്ക വെൽഡർമാരും വലിയ രീതിയിലുള്ള വെൽഡിംഗ് ജോലികൾ ചെയ്യുന്നതിന് പ്രാപ്തരല്ല. വളരെ നൈപുണ്യമുള്ള വെൽഡർമാരെ വാർത്തെടുക്കുന്നതിനായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെയും ഫാക്ടിന്റെയും (FACT) സംയുക്താഭിമുഖ്യത്തിൽ ഒരു വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്നു.

(3) <u>ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി</u>

ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) –ന്റെ കീഴിൽ കൊല്ലത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം വിവിധ സേവനങ്ങൾ നൽകുന്നു.

a. എയർ മോണിറ്ററിംഗ് പഠനങ്ങൾ
b. വർക്ക്ഷോപ്പുകൾ, ട്രെയിനിംഗ് ക്ലാസുകൾ മുതലായവ ഫാക്ടറി തൊഴിലാളികൾ, മാനേജ്മെന്റ്, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്കു നൽകുന്നു.
c. ഹസാർഡസും മേജർ ആക്സിഡന്റ് ഹസാർഡസും (MAH) ആയ ഫാക്ടറികളുടെ വിവരങ്ങൾ ശേഖരിയ്ക്കുന്നു.
d. മേജർ ഹസാർഡസ് ഫാക്ടറികളുടെ പ്രയോരിറ്റി ഇൻസ്പെക്ഷൻ നടത്തുന്നു.
e. ഫാക്ടറി തൊഴിലാളികളുടെ വൈദ്യ പരിശോധന നടത്തുന്നു.
f. ഹസാർഡസ് ഫാക്ടറികളുടെ പരിശോധന നടത്തുന്നു.

(4) <u>തൊഴിൽ ആരോഗ്യ സുരക്ഷിതത്വ പരിശീലന കേന്ദ്രം,</u>

തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും, മാനേജർമാർക്കും ആരോഗ്യ സുരക്ഷിതത്വ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും അതോടൊപ്പം രാസവാതക ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസ്, ഫയർ & റെസ്ക്യൂ, ആരോഗ്യവകുപ്പ് എന്നിവർക്ക് പ്രത്യേക രാസപരിശീലനം നൽകുന്നതിനും സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ട പ്രാഥമിക സുരക്ഷിതത്വ വിഷയങ്ങളിൽ (basic safety) പരിശീലനം നൽകുന്നതിനുമായി ആരംഭിച്ചിട്ടുള്ള പരിശീലനകേന്ദ്രം. ആധുനിക രീതിയിലുള്ള വീഡിയോ ക്ലാസ് റൂം, ഡിജിറ്റൽ ലൈബ്രറി, സുരക്ഷിതത്വ ഉപകരണങ്ങളുടേയും സുരക്ഷാമോഡലുകളുടേയും എക്സിബിഷൻ സെന്ററും ടി പരിശീലന കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. തൊഴിലാളികൾക്കുവേണ്ടി ആരോഗ്യ സുരക്ഷിതത്വ വിഷയങ്ങളിൽ വെബിനാർ സംഘടിപ്പിക്കുന്നതിനും ടി പരിശീലനകേന്ദ്രം സജ്ജമായിട്ടുണ്ട്.

(5) <u>ഒക്കുപേഷണൽ ഹെൽത്ത് & റിസർച്ച് സെന്റർ</u>

ചില അപകടകരമായ നിർമ്മാണ പ്രക്രിയകളിൽ ഏർപ്പെടുന്ന തൊഴിലാളികളിൽ തൊഴിൽജന്യരോഗങ്ങൾ നിർണ്ണയിക്കുന്നതിനും ഗവേഷണ പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ഒരു ഒക്കുപേഷണൽ ഹെൽത്ത് & റിസർച്ച് സെന്റർ (OHRC) കൊല്ലത്ത് പ്രവർത്തിച്ചു വരുന്നു.

**വകുപ്പിൽ ഉപയോഗിക്കുന്ന സംജ്ഞകൾ**

**DF&B** – ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

**JDF&B** – ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

**IF&B** - ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

**AIF** - അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

**IHL** - ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി

**CHEMREC** - കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ

**DGFASLI** - ഡയറക്ടർ ജനറൽ, ഫാക്ടറി അഡ്-വൈസ് സർവ്വീസ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട്

**OTI** - ഒക്കുപേഷണൽ ഹെൽത്ത് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കം ഓഫീസ് കോംപ്ലക്സ്

**OHRC** - ഒക്കുപേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ

**FABOS** – ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഓൺലൈൻ സിസ്റ്റം

**FIS**- ഫാക്ടറി ഇൻഫർമേഷൻ സിസ്റ്റം

**BIS**- ബോയിലർ ഇൻഫർമേഷൻ സിസ്റ്റം

**FMOSS**- ഫാക്ടറി മെഡിക്കൽ ഓഫീസർ സപ്പോർട്ട് സിസ്റ്റം

**ഉപസംഹാരം**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വലുതും ചെറുതുമായ ഫാക്ടറികളുടെ സുരക്ഷ ഉറപ്പുവരുത്തി ഫാക്ടറി തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും സംരക്ഷണം നൽകുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് എന്നും പ്രതിജ്ഞാബദ്ധമാണ്. വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഒരു പരിധി വരെ പൗരാവകാശരേഖ സഹായിക്കുന്നതാണ്.

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

ANNEXURE

TABLE

| *Sl. No.* | *Boiler Ratings* | *Fee in Rupees* |
|---|---|---|
| (1) | (2) | (3) |
| 1. | For small industrial Boiler as per Chapter XIV | 1,200 |
| 2. | For boiler rating not exceeding 10 sq. meters | 1,800 |
| 3. | For boiler rating exceeding 10 sq. meters but not exceeding 30 sq. meters | 2,400 |
| 4. | For boiler rating exceeding 30 sq. meters but not exceeding 50 sq. meters | 2,700 |
| 5. | For boiler rating exceeding 50 sq. meters but not exceeding 70 sq. meters | 3,300 |
| 6. | For boiler rating exceeding 70 sq. meters but not exceeding 90 sq. meters | 3,900 |
| 7. | For boiler rating exceeding 90 sq. meters but not exceeding 110 sq. meters | 4,500 |
| 8. | For boiler rating exceeding 110 sq. meters but not exceeding 200 sq. meters | 5,100 |
| 9. | For boiler rating exceeding 200 sq. meters but not exceeding 400 sq. meters | 5,700 |
| 10. | For boiler rating exceeding 400 sq. meters but not exceeding 600 sq. meters | 6,600 |
| 11. | For boiler rating exceeding 600 sq. meters but not exceeding 800 sq. meters | 7,200 |
| 12. | For boiler rating exceeding 800 sq. meters but not exceeding 1000 sq. meters | 8,100 |
| 13. | For boiler rating exceeding 1000 sq. meters but not exceeding 1200 sq. meters | 9,600 |
| 14. | For boiler rating exceeding 1200 sq. meters but not exceeding 1400 sq. meters | 10,800 |
| 15. | For boiler rating exceeding 1400 sq. meters but not exceeding 1600 sq. meters | 12,600 |
| 16. | For boiler rating exceeding 1600 sq. meters but not exceeding 1800 sq. meters | 13,500 |
| 17. | For boiler rating exceeding 1800 sq. meters but not exceeding 2000 sq. meters | 15,000 |
| 18. | For boiler rating exceeding 2000 sq. meters but not exceeding 2200 sq. meters | 16,200 |
| 19. | For boiler rating exceeding 2200 sq. meters but not exceeding 2400 sq. meters | 18,000 |
| 20. | For boiler rating exceeding 2400 sq. meters but not exceeding 2600 sq. meters | 18,900 |
| 21. | For boiler rating exceeding 2600 sq. meters but not exceeding 2800 sq. meters | 20,400 |
| 22. | For boiler rating exceeding 2800 sq. meters but not exceeding 3000 sq. meters | 21,600 |

Above 3000 sq. meters, for every 200 sq. meters or part thereof, an additional fee of Rs.600/- shall be charged.

For Heat Recovery Steam Generators with finned tubes, the fee shall be calculated on heating surface area of bare tubes and on one fourth of heating surface area of fins.

Inspection fee for separately fired Super-heater, Re-Heater and economiser shall be charge at the same rate as the registration fee.

(2) Fee for the issue of renewed certificates, inspection and examination of boilers or parts thereof or drawings of steam pipes, testing of welders or any other matter shall be calculated on the basis of rating and shall be levied in accordance with the following scales:-

## TABLE

| *Sl. No.* | *Boiler Ratings* | *Fee in Rupees* |
|---|---|---|
| (1) | (2) | (3) |
| 1. | For small industrial Boiler as per Chapter XIV | 1,000 |
| 2. | For boiler rating not exceeding 10 sq. meters | 1,600 |
| 3. | For boiler rating exceeding 10 sq. meters but not exceeding 30 sq. meters | 2,100 |
| 4. | For boiler rating exceeding 30 sq. meters but not exceeding 50 sq. meters | 2,400 |
| 5. | For boiler rating exceeding 50 sq. meters but not exceeding 70 sq. meters | 2,700 |
| 6. | For boiler rating exceeding 70 sq. meters but not exceeding 90 sq. meters | 3,400 |
| 7. | For boiler rating exceeding 90 sq. meters but not exceeding 110 sq. meters | 4,000 |
| 8. | For boiler rating exceeding 110 sq. meters but not exceeding 200 sq. meters | 4,500 |
| 9. | For boiler rating exceeding 200 sq. meters but not exceeding 400 sq. meters | 5,000 |
| 10. | For boiler rating exceeding 400 sq. meters but not exceeding 600 sq. meters | 5,800 |
| 11. | For boiler rating exceeding 600 sq. meters but not exceeding 800 sq. meters | 6,300 |
| 12. | For boiler rating exceeding 800 sq. meters but not exceeding 1000 sq. meters | 7,100 |
| 13. | For boiler rating exceeding 1000 sq. meters but not exceeding 1200 sq. meters | 8,400 |
| 14. | For boiler rating exceeding 1200 sq. meters but not exceeding 1400 sq. meters | 9,500 |
| 15. | For boiler rating exceeding 1400 sq. meters but not exceeding 1600sq. meters | 11,100 |
| 16. | For boiler rating exceeding 1600 sq. meters but not exceeding 1800 sq. meters | 11,900 |
| 17. | For boiler rating exceeding 1800 sq. meters but not exceeding 2000 sq. meters | 13,200 |
| 18. | For boiler rating exceeding 2000 sq. meters but not exceeding 2200 sq. meters | 14,300 |
| 19. | For boiler rating exceeding 2200 sq. meters but not exceeding 2400 sq. meters | 15,800 |
| 20. | For boiler rating exceeding 2400 sq. meters but not exceeding 2600 sq. meters | 16,600 |
| 21. | For boiler rating exceeding 2600 sq. meters but not exceeding 2800 sq. meters | 18,000 |
| 22. | For boiler rating exceeding 2800 sq. meters but not exceeding 3000 sq. meters | 19,000 |

Above 3000 sq. meters, for every 200 sq. meters or part thereof an additional fee of Rs.500/- will be charged.

For Heat Recovery Steam Generators with finned tubes, the fee shall be calculated on heating surface area of bare tubes and on one fourth of heating surface area of fins.

Inspection fee for separately fired Super-heater, Re-Heater and Feed water heater shall be charged at the same rate.

Applicable fee shall be payable again for the re-inspection of a defective boiler after completion of repairs.

For inspection on Sundays and Public Holidays under the Negotiable Instrument Act, 1881 (26 of 1881), on the request of owner, additional fee equivalent to half of application fee shall be payable.

(3) The fee for examination of plans and the particulars of materials, design and construction of steam pipes shall be charged as,-

(1) The fee for examination of plans and the particulars of materials, design and construction of steam pipes before the commencement of manufacture of the steam pipes will

be at the rate of Rs.200/- for each 30 meters of piping or part thereof, subject to a minimum of Rs. 500.

(2) Examination of plans and particulars of the materials, design and construction of any fitting, mountings and components (without heat transfer) like valves, dished ends, hand hole covers, main hole covers, flanges etc shall be Rs.300/- for each category of such identical fittings.

(3) For fittings like de-super heaters, steam receiver, separators, fee shall be Rs.500 for each category of such identical accessories.

(4) Inspection fee for boilers and part thereof constructed in India shall be charged as,-

(1) The inspection fee for boilers shall be calculated at four times the normal fee for renewal of certificate.

(2) For inspection of tubes and pipes, the fee shall be charged at the rate of Rs. 360/- per metric tonne or a part thereof.

(3) Fees for inspection of boiler at the site of construction shall be charged at the rate of four times the normal fee for renewal of certificate for a boiler.

(4) For inspection of forged pipe fittings, the fees shall be charged at the rate specified for forged and cast flanges.

(5) For inspection of pipe fittings other than forged pipe fittings, the fees shall be charged at double the normal rate as specified for forged and cast fittings.

(6) For inspection of pipe and tube bends, the fee shall be charged at the rate of Rs.10 per meter subject to a minimum of Rs.300/- irrespective of the nominal diameter.

(5) Fee for the inspection of pipes shall be charged as,-

a. For the pipes of nominal bore not exceeding 100 mm including all fittings except accessories like de-super heaters, steam-receivers, feed heaters and separately fired super heaters, Rs.500/- for each 30 meters of pipe or part thereof.

b. For pipes of nominal bore exceeding 100 mm including all fittings except accessories like de-super heaters, steam receivers, feed heaters and separately fired super heaters, Rs. 1200/- for each 30 meters or part thereof.

(6) Inspection fee for valves and flanges shall be charged as,-

(1) Subject to a minimum inspection fee of Rs.600/- per inspection, the fees for inspection of valves shall be charged as under,-

(a) Up to 25mm Rs. 15 per piece;
(b) Above 25mm and up to 100mm Rs. 45 per piece;
(c) Above 100mm and up to 250mm Rs. 270 per piece;
(d) Above 250mm Rs. 720 per piece.

(2). Fees for inspection of flanges shall be charged as under,-

i. For forged and cast flanges.-

| | | |
|---|---|---|
| a) | Upto and including 25 mm for a batch of 50 or part thereof | Rs. 225/- |
| b) | Upto and including 25 mm for a batch of 100 or part thereof | Rs. 390/- |
| c) | Over 25 mm upto and including 50 mm for a batch of 50 or part thereof | Rs. 435/- |
| d) | Over 50 mm upto and including 100 mm for a batch of 25 or part thereof | Rs. 435/- |
| e) | Over 100 mm upto and including 250 mm for a batch of 10 or part thereof | Rs. 465/- |
| f) | Over 250 mm for a batch of 5 or part thereof | Rs. 540/- |

ii. For plate flanges, the fees shall be charged at half the rate as charged for forged and cast flanges.

(7) Inspection fee for feed water heaters and other fittings shall be charged as,-

(1) Fees for inspection of feed water heaters shall be charged at Rs.10,000 per heater.

(2) Fees for inspection of other fittings like de-super heaters, steam receivers and separately fired superheaters shall be charged at Rs.2,500 per fitting.

(8) Fee for inspection of spares and boiler components shall be charged as,-

(1) Spares: - For all types of coils, namely, economiser coils, super heater coils, reheater coils, the fee for inspection shall be charged on the basis of surface area.

(2) For inspection of pipe and tube bends, the fee shall be charged at the rate of Rs.10 per meter subject to a minimum of Rs.500.

(9) Submission of plans of feed pipes shall be charged as,-

(1) The fees for the scrutiny of plans and particulars of the material, design and construction of feed pipes, before commencement of manufacture of the feed pipes shall be at the rate of Rs.200 for 30 meters of piping or part thereof.

(2) The fees for the scrutiny of plans and particulars of the material, design and construction of any such fittings like feed water heater shall be charged at Rs.2500 per fitting.

(10) Fees for examination of welders shall be charged as,-

(1) Fees for examination of welders under these regulations shall be Rs.600 which shall be borne by the applicant or sponsor, as the case may be and in addition, the applicant or sponsor shall bear all other expenses like cost of material and workshop and testing facilities as fixed by the Competent Authority.

(2) The fee for endorsement of welder’s certificate shall be Rs.200 and shall be borne by the applicant or sponsor, as the case may be.

(11) Fees for Boiler Repair/Erector licence shall be charged as,-

| Sl.No. | Class of Boiler Repairer | Fee for recognition in Rupees | Fee for renewal of recognition in Rupees | Fee for endorsement in Rupees |
|---|---|---|---|---|
| 1) | (2) | (3) | (4) | 5) |
| 1 | Special Class | 15,000 | 7,500 | 5,000 |
| 2 | Class I | 10,000 | 5,000 | 4,000 |
| 3 | Class II | 5,000 | 2,500 | 2,000 |
| 4 | Class III | 2,500 | 1,250 | 1,000 |

# ANNEXURE

## APPENDIX – 1

| Total Power Installed | *Maximum number of persons to be employed in any day during the year* | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| (Maximum Power in Kilowatt) | **9** | **20** | **50** | **100** | **200** | **300** | **500** | **1000** | **2000** | **2500** | **3000** | **Above 3000** |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| Nil | 385 | 765 | 1340 | 2225 | 2858 | 3490 | 6026 | 7929 | 15853 | 21879 | 36455 | 47391 |
| Up to 10 | 765 | 1340 | 1903 | 3174 | 3967 | 4761 | 7929 | 15853 | 21879 | 36455 | 47391 | 58322 |
| Up to 20 | 1340 | 1903 | 1903 | 3967 | 5072 | 6342 | 15853 | 21879 | 36455 | 47391 | 58322 | 72904 |
| Up to 50 | 1903 | 1903 | 3174 | 5549 | 9510 | 12679 | 21879 | 36455 | 47391 | 58322 | 72904 | 94777 |
| Up to 100 | 1903 | 3174 | 4128 | 11098 | 15853 | 17497 | 36455 | 47391 | 58322 | 72904 | 94877 | 109359 |
| Up to 200 | 3490 | 4761 | 8723 | 15853 | 18958 | 23394 | 42291 | 53952 | 67074 | 82386 | 104259 | 118841 |
| Up to 300 | 4761 | 6342 | 12679 | 17497 | 23334 | 29164 | 49576 | 62704 | 78016 | 94777 | 115190 | 131226 |
| Up to 500 | 7929 | 15853 | 21879 | 36455 | 42291 | 49576 | 58322 | 72904 | 91132 | 109359 | 127587 | 145808 |
| Up to 1000 | 15853 | 21879 | 36455 | 47391 | 53952 | 62704 | 72904 | 91132 | 109359 | 127587 | 145808 | 164036 |
| Up to 2000 | 21879 | 36455 | 47391 | 58322 | 67074 | 78016 | 91132 | 109359 | 127587 | 145808 | 164036 | 182264 |
| Up to 5000 | 36455 | 47391 | 58322 | 72904 | 82386 | 94777 | 109359 | 127587 | 145808 | 164036 | 182264 | 200491 |
| Up to 7500 | 47391 | 58322 | 72904 | 91132 | 100613 | 113005 | 127587 | 145808 | 164036 | 182264 | 200491 | 218713 |
| Up to 10000 | 58322 | 72904 | 91132 | 109359 | 118841 | 131266 | 145808 | 164036 | 182264 | 200491 | 218713 | 236940 |
| Up to | 72904 | 91132 | 109359 | 127587 | 137063 | 149454 | 164036 | 182264 | 200491 | 218713 | 236940 | 255168 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 15000 | | | | | | | | | | | | |
| Up to 25000 | 91132 | 109359 | 127587 | 145808 | 155284 | 167682 | 182264 | 200491 | 218713 | 236940 | 255168 | 284326 |
| Up to 35000 | 109359 | 127587 | 145808 | 164036 | 173512 | 185909 | 200491 | 218713 | 236940 | 255168 | 284326 | 306193 |
| Up to 50000 | 127587 | 145808 | 164036 | 200491 | 204861 | 210691 | 218713 | 262453 | 284326 | 306193 | 328066 | 349934 |
| Up to 75000 | 145808 | 164036 | 200491 | 218713 | 231834 | 246416 | 262453 | 284326 | 306193 | 328066 | 349934 | 371812 |
| Up to 100000 | 164036 | 200491 | 218713 | 240586 | 253707 | 268284 | 284326 | 306193 | 328066 | 349934 | 371812 | 393679 |
| Up to 500000 | 200491 | 218713 | 284326 | 306193 | 328066 | 333902 | 341188 | 349934 | 371812 | 415552 | 437420 | 466578 |
| Above 500000 | 262453 | 284326 | 306193 | 328066 | 349934 | 355770 | 363061 | 371812 | 415552 | 437420 | 466578 | 510324 |

Note:- (1) All remittance shall be as per this schedule with effect from the date of publication of notification.
(2) 1 HP = 0.746 KW. "

## APPENDIX – III

## SCHEDULE OF FEES PRESCRIBED UNDER THE KERALA FACTORIES RULES, 1957 OTHER THAN THE FEES PRESCRIBED IN APPENDIX I

| Sl. No. | Description | | Rules under which fees are prescribed | Fees |
|---|---|---|---|---|
| 1 | Recognition of Competent person | | Rule 2A(3) | Rs. 1904/- for recognition under each provision of the said Rule subject to a minimum fee of Rs.3968/- for a person and Rs.15853/- for an institution |
| | | Draftsman-A | Rule 3(2)(b)(iii) | Rs. 5750/- for each application |
| 2 | Recognition of | Draftsman-B | Rule 3(2)(b)(i) | Rs. 3450/- for each application |
| | | Draftsman-C | Rule 3(2)(b)(iii) | Rs. 1725/- for each application |

| | | | |
|---|---|---|---|
| 3 | Medical examination by certifying Surgeon A1 | Rule 81 | Rs. 294/- per Medical Examination per worker |
| 4 | Approval of plan for construction, modification, extension etc. of factory building including layout of machinery and grant of permit thereof first time scrutiny | Rule 122<br>Rule 3 | Rs. 196/- per every 10 sq.m of plinth area or part thereof subject to a minimum Rs. 1904/- for each application |
| 5 | Approval of plan for construction, modification, extension etc. of factory building including layout of machinery and grant of permit thereof second and subsequent scrutinise revision after total rejection | Rule 3 | Rs. 1904/- for each application |
| 6 | Approval of plan for additional installation or for rearrangement of layout of machinery which do not involve the approval of building plans | Rule 3 | Rs. 1904/- for each application |
| 7 | Revalidation of permit issued under Rule 3 | Rule 3 | Fee originally paid for the last permit |
| 8 | Amendment of licence | Rule 6(4) | Rs. 955/- for each amendment |
| 9 | Transfer of licence | Rule 8(3) | 25% of license fee in case of transfer of license in favour of legal heirs. 100% of license fee for other transfers. If the transfer is made without change of ownership, amendment fee is required.” |